## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *162 03.05.2017-ൽ മറുപടിക്ക്**

### യു.എ.പി.എ. ആക്ടിലെ നിബന്ധനകളും നടപടിക്രമങ്ങളും പാലിക്കാതെ കേസ് രജിസ്റ്റർ ചെയ്ത സംഭവങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. കെ.എം. ഷാജി | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പോലീസ് രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ യു.എ.പി.എ. (Unlawful Activities (Prevention) Act)-ലെ വ്യവസ്ഥകൾ ബാധകമാക്കുന്നതിനുള്ള നിബന്ധനകളും നടപടിക്രമങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) രാജ്യത്തിന്റെ അഖണ്ഡതയ്ക്കും പരമാധികാരത്തിനും വിരുദ്ധമായ പ്രവർത്തനങ്ങളെ പ്രതിരോധിക്കുന്നതിനും ഇത്തരം പ്രവർത്തികളിൽ ഏർപ്പെടുന്ന സംഘടനകൾ/വ്യക്തികൾ എന്നിവർക്കെതിരെയും നിയമ നടപടികൾ സ്വീകരിക്കുക എന്നതാണ് യു.എ.പി.എ. നിയമത്തിന്റെ പ്രധാന ഉദ്ദേശ്യം. ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയാണ് പ്രസ്തുത നിയമ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നത്. വ്യക്തികളുടെയും സംഘടിത ഗ്രൂപ്പുകളുടെയും കുറ്റകരമായ പ്രവർത്തനത്തിന്റെ സ്വഭാവമാണ് പ്രസ്തുത കുറ്റം ഏതു നിയമത്തിന്റെ പരിധിയിൽ വരുന്നു എന്ന് നിശ്ചയിക്കുന്നത്. ജില്ലാ പോലീസ് മേധാവിയുടെ അനുമതിയോടുകൂടി മാത്രമേ യു.എ.പി.എ. വകുപ്പ് പ്രകാരമുള്ള കേസ് രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ. തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് യു.എ.പി.എ. കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ കുറ്റസമ്മതമൊഴി ജില്ലാ പോലീസ് മേധാവിമാർ എടുക്കേണ്ടതും, ആയത് വീഡിയോയിൽ പകർത്തേണ്ടതുമാണ്. |

യു.എ.പി.എ. കേസ് രജിസ്റ്റർ ആയാൽ ഡി.വൈ.എസ്.പി/ എ.എസ്.പി. അന്വേഷിക്കേണ്ടതും ടി കേസുകളിൽ ഫസ്റ്റ് ലെവൽ സൂപ്പർവൈസറി ഓഫീസർ പോലീസ് സൂപ്രണ്ടായിരിക്കണമെന്നും, സെക്കൻഡ് ലെവൽ സൂപ്പർവൈസറി ഓഫീസർ പോലീസ് ഇൻസ്പെക്ടർ ജനറൽ ആയിരിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇത്തരം നിബന്ധനകളും നടപടിക്രമങ്ങളും പാലിക്കാതെ പോലീസ് ഈ നിയമവ്യവസ്ഥകൾ കൂടി ചേർത്ത് കേസ് രജിസ്റ്റർ ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ ഈ വീഴ്ച കണ്ടെത്താനിടയാക്കിയ സാഹചര്യം വിശദമാക്കുമോ; വീഴ്ച വരുത്തിയവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് സംസ്ഥാന പോലീസ് മേധാവി യു.എ.പി.എ. പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ റിവ്യൂ നടത്തിയിട്ടുള്ളതാണ്. ഇതിൽ ചില കേസുകളിൽ ഉദ്യോഗസ്ഥർക്ക് പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ സംബന്ധിച്ച തെറ്റിദ്ധാരണമൂലം ഈ കേസുകളിൽ യു.എ.പി.എ. ചുമത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് യു.എ.പി.എ പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ ഉൾപ്പെടെയുള്ള കേസുകളിൽ നിന്നും യു.എ.പി.എ. ചുമത്തിയത് നീക്കം ചെയ്യാനുള്ള നടപടിക്രമം സ്വീകരിച്ചിട്ടുണ്ട്.

യു.എ.പി.എ. ചുമത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് എല്ലാ നടപടി ക്രമങ്ങളും പാലിക്കണമെന്ന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും സംസ്ഥാന പോലീസ് മേധാവി മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനോ/ ഉദ്യോഗസ്ഥരോ ടി നിയമത്തെ ദുരുപയോഗം ചെയ്തതായി വെളിവായാൽ ഉത്തരവാദികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**